

# SPC മെട്രോ പോലീസ് സമ്മിറ്റ് - 2017 ന് തുടക്കമായി

KOCHI CITY POLICE - TUESDAY, 18 APRIL 2017

കൊച്ചി സിറ്റി യിലെ സ്റ്റുഡൻറ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ 5 ദിവസത്തെ ജില്ലാ സമ്മർ വെക്കേഷൻ ക്യാമ്പ്. "SPC മെട്രോ പോളീസ് സമ്മിറ്റ് - 2017 " കൊച്ചി മുനി സിപ്പൽ കോർപറേഷൻ മേയർ ശ്രീമതി സൗമിനി ജെയിൻ ഉത്ഘാടനം ചെയ്തു. എറണാകുളം സെൻറ് ആൽബെർട്സ് ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റിയറിയത്തിൽ നടന്ന ഉത്ഘാടന ചടങ്ങിൽ വിദ്യാഭ്യാസ വകുപ്പിലെ ജില്ലാ ഉപ വിദ്യാഭ്യാസ ഡയറക്ടർ ശ്രി. സന്തോഷ് സി. എ അധ്യക്ഷനായിരുന്നു. ജില്ലാ പോലീസ് മേധാവി ശ്രി. എം. പി. ദിനേശ് IPS, ഡെപ്യൂട്ടി പോലീസ് കമ്മിഷണർ മാരായ ശ്രി യതീഷ് ചന്ദ്ര IPS, ശ്രി. എ. ആർ. പ്രേംകുമാർ എക്സ് സൈസ് ഡെപ്യൂട്ടി കമ്മിഷണർ ശ്രീ നാരായണൻ കുട്ടി, ജോയിൻറ് RTO ശ്രീ ബിജു ജെയിംസ്, ഫയർ ഓഫീസർ ശ്രീ. കെ. എൻ. സതീഷ്, സെൻറ്. ആൽബെർട്സ് ഹയർ സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ ബേബി തദേവൂസ് SPC ജില്ലാ നോഡൽ ഓഫീസർ കൂടിയായ അസിസ്റ്റന്റ് കമ്മിഷണർ ശ്രീ രാജേഷ് ടി. ആർ. തുടങ്ങിയവർ പങ്കെടുത്തു .

കൊച്ചി സിറ്റിയിൽ SPC പദ്ധതി നടപ്പിലാക്കിയിട്ടുള്ള 14 സ്കൂളുകളിൽനിന്നുള്ള 470 കേഡറ്റുകളും, 100 ഓളം പോലീസ് ഉദ്യോഗസ്ഥരും, അധ്യാപകരും പങ്കെടുക്കുന്ന റെസിഡൻഷ്യൽ ക്യാമ്പിൽ കായീക പരിശീലനത്തോടൊപ്പം, വിവിധ വിഷയങ്ങളിൽ പ്രാവീണ്യം തെളിയിച്ച വ്യക്തികളുമായുള്ള സംവാദവും, ജീവിത വിജയവും നേതൃത്തപാടവവും, രാജ്യസ്നേഹവും വളർത്തുന്നതിനുള്ള ക്ലാസ്സുകളും പ്രധാന കേന്ദ്രങ്ങളിലേക്കുള്ള കേഡറ്റുകളുടെ കലാപരിപാടികളും ഉൾപ്പെടുത്തിയിരിക്കുന്നു .

സമാപന ദിവസമായ 21 -ാം തീയതി രാവിലെ 8 ന് നടക്കുന്ന പാസിംഗ് ഔട്ട് പരേഡിൽ എറണാകുളം ജില്ലാ കളക്ടർ ശ്രീ. കെ .മുഹമ്മദ്. യു. സഫീറുല്ലാഹ് ഐ. എ. എസ് സല്യൂട്ട് സ്വീകരിക്കും. വൈകിട്ട് 5 മണിക്ക് നടക്കുന്ന സമാപന സമ്മേളനത്തിൽ എറണാകുളം റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ പി. വിജയൻ IPS മുഖ്യാതിഥി ആയിരിക്കും